നം.എൻ.ഇ.പി(1)/15551/2014 /ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി : 19.02.2014

## വിജ്ഞാപനം

മദ്രസകളിൽ നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് SPQEM(Scheme for Providing Quality Education in Madrassas). ഈ പദ്ധതി പ്രകാരം 2014-15 സാമ്പത്തികവർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പൂർണമായും ഓൺലൈൻ മുഖാന്തിരമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. www.itschool.gov.in/spqem എന്ന വെബ്സൈറ്റിൽ അപേക്ഷ ലഭ്യമാണ്. അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും രേഖപ്പെടുത്തി, ഓൺലൈൻവഴി അനുബന്ധരേഖകൾ സഹിതം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ 28.02.2014 വരെ നൽകാവുന്നതാണ്. അപേക്ഷ പ്രിന്റ്ഔട്ട് എടുത്ത് അനുബന്ധ രേഖകൾ സഹിതം 03.03.2014-നു മുമ്പായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ എത്തിക്കേണ്ടതാണ്. അവസാന തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഇക്കാര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഓൺലൈൻവഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. അപേക്ഷയുടെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതും ആവശ്യമില്ലാത്ത കോളങ്ങളിൽ NOT APPLICABLE എന്ന് രേഖപ്പെടുത്തേണ്ടതാണ്.
3. www.itschool.gov.in/spqem എന്ന വെബ്സൈറ്റിൽ 18.02.2014 മുതൽ അപേക്ഷ ലഭ്യമാണ്.
4. അപേക്ഷിക്കേണ്ട അവസാന തീയതി 28.02.2014 ആണ്.
5. ഓൺലൈൻ വഴി അയക്കുന്ന അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് 03.03.2014 നുമുമ്പായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ എത്തിക്കേണ്ടതാണ്.
6. അപേക്ഷയോടൊപ്പം അക്രഡിറ്റേഷൻ ലഭിച്ച ഉത്തരവിന്റെയും അധ്യാപകരുടെ യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്.

## ഓൺലൈൻ അപേക്ഷാ നിർദേശങ്ങൾ

1. www.itschool.gov.in/spqem എന്ന വെബ്സൈറ്റിൽ അപേക്ഷ ലഭ്യമാണ്.
2. New Application ൽ ക്ലിക്കുചെയ്യുമ്പോൾ ലഭിക്കുന്ന അപേക്ഷാഫോമിൽ കാണിച്ചിട്ടുള്ള വിവരങ്ങൾ പൂർണമായും പൂരിപ്പിക്കുക. ഒരു കോളവും ഒഴിച്ചിടുവാൻ പാടില്ല. ബാധകമല്ലാത്ത കോളങ്ങളിൽ NOT APPLICABLE എന്ന് രേഖപ്പെടുത്തുക.

3. ഒന്നാമത്തെ ഫോറം പൂരിപ്പിച്ചതിനുശേഷം Got to Next ക്ലിക്കുചെയ്യുമ്പോൾ ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പറും ഐ.ഡി.യും സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. അപേക്ഷയിൽ മാറ്റം വരുത്തുകയോ പ്രിന്റ് എടുക്കുകയോ ചെയ്യണമെങ്കിൽ ഈ നമ്പറുകൾ ആവശ്യമാണ്. അപേക്ഷയോടൊപ്പമുള്ള അഞ്ച് ഫോർമാറ്റുകളും പൂരിപ്പിച്ച് അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. **NIOS അക്രഡിറ്റേഷൻ ഇല്ലാത്ത മദ്രസകൾ മൂന്ന് ഫോർമാറ്റുകൾ മാത്രം പൂരിപ്പിച്ചാൽ മതിയാകും.**

4. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിൽ മാറ്റം വരുത്താൻ **Edit Application** ക്ലിക്കുചെയ്യുക. ലഭിച്ചിട്ടുള്ള ആപ്ലിക്കേഷൻ നമ്പറും ഐ.ഡിയും നൽകിയാൽ അവസാന തീയതിക്കുമുമ്പായി മാറ്റങ്ങൾ വരുത്താവുന്നതാണ്.

5. അപേക്ഷകൾ പ്രിന്റ് എടുക്കുവാൻ **Print Application** ക്ലിക്കുചെയ്യുക. ആപ്ലിക്കേഷൻ നമ്പറും ഐ.ഡിയും നൽകി പ്രിന്റൗട്ട് എടുക്കാവുന്നതാണ്. അപേക്ഷയോടൊപ്പമുള്ള അഞ്ച് ഫോർമാറ്റുകളുടെയും പ്രിന്റൗട്ട് എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6. ഓൺലൈൻ അപേക്ഷയുമായി ബന്ധപ്പെട്ട സംശയങ്ങൾ edp.dpi@gmail.com. എന്ന മെയിലിലോ 8301032174 (രാവിലെ 10 മണിമുതൽ വൈകുന്നേരം 6 മണിവരെ) എന്ന ഫോൺ നമ്പറിലോ ആവശ്യപ്പെടാവുന്നതാണ്.

7. അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ സമർപ്പിച്ചുകഴിഞ്ഞാൽ മാറ്റങ്ങൾ വരുത്തുവാൻ പാടുള്ളതല്ല.

8. For more details see: **www.mhrd.gov.in**

**<u>മുൻപ് അപേക്ഷ നൽകിയ സ്കൂളുകളുടെ ശ്രദ്ധയ്ക്ക്</u>**

മുൻവർഷങ്ങളിൽ അപേക്ഷ നൽകിയ മദ്രസകളിൽ ഗ്രാന്റ് അനുവദിക്കാത്തവർക്ക് വീണ്ടും അപേക്ഷ നൽകാവുന്നതാണ്. മുൻവർഷങ്ങളിൽ ഗ്രാന്റ് ലഭിക്കുകയോ അനുവദിക്കുകയോ ചെയ്ത സ്ഥാപനങ്ങൾ യാതൊരു കാരണവശാലും അപേക്ഷിക്കാൻ പാടില്ല. ഗ്രാന്റ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ വീണ്ടും അപേക്ഷ സമർപ്പിച്ചാൽ നിരുപാധികം നിരസിക്കുന്നതായിരിക്കും.

ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർക്കായുള്ള നിർദേശങ്ങൾ പിന്നീട് നൽകുന്നതാണ്.

എൽ. രാജൻ
അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ
(ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി